**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5713** **24-03-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന കെ-സ്മാർട്ട് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നന്നതിനും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്ന തരത്തിൽ Micro Service Architecture ൽ ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയറാണ് കെ- സ്മാർട്ട്. കേരളത്തിലെ 6 കോർപ്പറേഷനുകളിലും, 87 മുനിസിപ്പാലിറ്റികളിലും 2024 ജനുവരി 1 മുതൽ കെ സ്മാർട്ട് സംവിധാനം വിന്യസിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ കെ-സ്മാർട്ട് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 2025 ജനുവരി 1 മുതലും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് മാസം മുതലും പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്. ആയതിന് തുടർച്ചയായി 2025 ഏപ്രിൽ 10ന് 940 ഗ്രാമ പഞ്ചായത്തുകളിലും, 151 ബ്ലോക്ക് പഞ്ചായത്തുകളിലും, 13 ജില്ലാ പഞ്ചായത്തുകളിലും, കെ- സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പരീക്ഷണാർത്ഥം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 2025 ജനുവരി 1 മുതലും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് മാസം മുതലും പരീക്ഷണാർത്ഥം വിന്യസിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്താകെയുള്ള തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ | (സി) | കേരളത്തിലെ 6 കോർപ്പറേഷനുകളിലും, 87 മുനിസിപ്പാലിറ്റികളിലും 2024 ജനുവരി 1 മുതൽ കെ- |

| | | | |
|---|---|---|---|
| | പുരോഗതി അറിയിക്കുമോ; | | സ്മാർട്ട് വിന്യസിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ കെ-സ്മാർട്ട് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 2025 ജനുവരി 1 മുതലും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് മാസം മുതലും പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്. ആയതിന് തുടർച്ചയായി 2025 ഏപ്രിൽ 10ന് 940 ഗ്രാമ പഞ്ചായത്തുകളിലും, 151 ബ്ലോക്ക് പഞ്ചായത്തുകളിലും, 13 ജില്ലാ പഞ്ചായത്തുകളിലും കെ- സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ത്രിതല പഞ്ചായത്തുകളിൽ കെ-സ്മാർട്ട് സംവിധാനം എത്തുന്നതോടെ സേവനങ്ങൾ ലഭ്യമാക്കുന്നതിലും വ്യവസായ സൗഹൃദ മേഖലയിലും വൻ കുതിപ്പുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>Micro Service Architecture - ൽ ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയറായ കെ-സ്മാർട്ട് സംവിധാനം ത്രിതല പഞ്ചായത്തുകളിൽ എത്തുന്നതോടെ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭിക്കുന്നതാണ്. പൗരൻമാർക്കുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടും. വിവിധ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ, വിവിധ പേയ്മെന്റുകൾ തുടങ്ങിയവ ഓൺലൈൻ വഴി ലഭ്യമാകും. വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടും. അനുമതികൾ ലഭിക്കുന്നതിനുള്ള കാലതാമസം കുറയും, വ്യവസായികൾക്ക് ലളിതമായി അപേക്ഷിക്കാനും ഫോളോഅപ്പിനും സാധിക്കും. ഭൂമിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ഡാറ്റ ഡിജിറ്റലൈസ് ചെയ്യുന്നതിനാൽ വ്യവസായ സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും വേണ്ടി കൃത്യമായ പ്ലാനിംഗ് നടത്താൻ കഴിയും. കൂടാതെ ഇടപാടുകളുടെ സുതാര്യത വർദ്ധിക്കുകയും അനാവശ്യ കാലതാമസം കുറയുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ